"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രമേഷ് ചന്ദ്രൻ, കൺസൾട്ടന്റ് (സൈക്യാട്രി) ഫയൽ ചെയ്ത OA (EKM) 2013/2023 -മേലുള്ള ബഹു: ട്രിബ്യൂണലിന്റെ 07.12.2023 തീയതിയായ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.940/2024/H&FWD  തീയതി,തിരുവനന്തപുരം, 31-03-2024

പരാമർശം:-

1. ഡോ.രമേഷ് ചന്ദ്രൻ സമർപ്പിച്ച 27.11.2023 തീയതിയായ അപേക്ഷ (Annexure A10).
2. OA (EKM) 2013/2023 -മേലുള്ള ബഹു: ട്രിബ്യൂണലിന്റെ 07.12.2023 തീയതിയായ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.02.2024-ലെ ഇ.ബി.1-3413/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

2023 പൊതു സ്ഥലം മാറ്റത്തിൽ തിരുവനന്തപുരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റം ലഭിക്കാത്തതിനെതിരെ ബഹു ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ. 2013/2023 നമ്പർ ഹർജിയിലെ പരാമർശം (2) ഉത്തരവ് പ്രകാരം ടി കേസിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ, അപേക്ഷകനെ നേരിൽ കേട്ടുകൊണ്ട് ടിയാൾ സമർപ്പിച്ച പരാമർശം (1) അപ്പീലിൻമേൽ തീരുമാനമെടുക്കുന്നതിന് ബഹു: ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ അപേക്ഷകനെ 12.02.2024 തീയതി നേരിൽ കേട്ടിരുന്നു.

2) നേരിൽ കേൾക്കുന്ന വേളയിൽ അപേക്ഷകൻ ചുവടെ പറയും പ്രകാരം മൊഴി രേഖപ്പെടുത്തി:

തൊടുപുഴ ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് ആയി 2018 ഡിസംബർ 27-നു സേവനത്തിൽ പ്രവേശിച്ചു. 2023 പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. കരട് പട്ടികയിൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമനം ലഭിച്ചിരുന്നു. എന്നാൽ അന്തിമ പട്ടിക വന്നപ്പോൾ സ്ഥലംമാറ്റ പട്ടിയിൽ നിന്ന് തന്നെ ഒഴിവാക്കപ്പെട്ടു. ഹോം സ്റ്റേഷൻ കൊല്ലമാണ്. തുടർന്ന് OA 938/2023 നമ്പറായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത കേസിലെ ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽപൊതു സ്ഥലം മാറ്റത്തിലെ ടിയാന്റെ രണ്ടാം ഓപ്ഷനായ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമനം ലഭിക്കുകയും ചെയ്തു. 2023 നവംബർ 6-നു സേവനത്തിൽ പ്രവേശിച്ച് അവിടെ തുടർന്നു വരുന്നു. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ

കേന്ദ്രത്തിലെ മൂന്ന് ഡോക്ടർമാർ പത്തു വർഷത്തിലധികമായി സ്ഥാപനത്തിൽ തുടരുന്നവരാണ്. ഡിഎൻബി ഗൈഡ് ലൈൻ തെറ്റായി വ്യാഖ്യാനിച്ചാണ് ടി ഡോക്ടർമാരെ സ്ഥലം മാറ്റാതെ അവിടെ തുടരാൻ അനുവദിക്കുന്നത്. അഞ്ചു സീനിയർ കൺസൾട്ടന്റ് തസ്തിക പേരൂർക്കട ആശുപത്രിയിൽ നിലവിൽ ഉണ്ട്. നാല് സീറ്റ് മാത്രമാണ് പി.ജി. കോഴ്സിന് ഉള്ളത്. അതിന് ഗൈഡായി രണ്ടുപേർ മാത്രം മതിയാകും. ഡോ.അനിജി.വി.ആർ. നിലവിലെ സ്ഥാപനത്തിൽ 16 വർഷത്തിലധികം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് രണ്ട് കൺസൾട്ടൻ്റുമാരായ ഡോ.ഷീന.ജി.സോമൻ, ഡോ.അരുൺ.വി. എന്നിവരും പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ 13 വർഷത്തിലേറെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ഹെൽത്ത് സർവീസിൽ പ്രമോഷന് ഡിപ്ലോമ മാത്രം മതി എന്നിരിക്കെ ഇത്തരത്തിൽ ഒരു അധിക യോഗ്യത കൊണ്ടുവരുന്നത് കാരണം തന്നെ ഡിപ്ലോമ നേടി കൺസൾട്ടന്റ് തസ്തികയിലേക്ക് വരുന്നവർക്ക് പ്രധാനപ്പെട്ട ആശുപത്രികളിൽ സേവനത്തിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങളിൽ ഇത് ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ മാനദണ്ഡങ്ങൾ ആ രീതിയിൽ പരിഷ്കരിക്കുകയോ വേണം. അപേക്ഷകനെപ്പോലെ ഇതേ കേഡറിൽ ജോലി ചെയ്യുന്ന മറ്റ് കൺസൾട്ടന്റ്മാർക്ക് വേണ്ടി കൂടിയാണ് ഈ ഒരു കേസ് ഫയൽ ചെയ്തിട്ടുള്ളത്. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകണം.

3) 27.12.2018 മുതൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന സൈക്യാട്രി വിഭാഗം കൺസൾറ്റന്റ് ഡോ.രമേഷ് ചന്ദ്രൻ 2023 ലെ പൊതു സ്ഥലം മാറ്റത്തിന് തിരുവനന്തപുരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രം ഒന്നാം ഓപ്ഷനായും തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രം രണ്ടാം ഓപ്ഷനായും, കോഴിക്കോട് കതിരവട്ടം സർക്കാർ മാനസികാരോഗ്യ കേന്ദ്രം മൂന്നാം ഓപ്ഷനായും ജനറൽ ആശുപത്രി എറണാകുളം നാലാം ഓപ്ഷനായും അപേക്ഷ സമർപ്പിച്ചിരുന്നതായും, NBEMS guidelines പ്രകാരം faculty status maintain ചെയ്യുന്നതിനായി DNB/MD Psychiatry OR equivalent having 8 years post PG experience ഉള്ള മെഡിക്കൽ ഓഫീസർമാരെ മാറ്റി പകരം നിയമനം നടത്തുമ്പോൾ ടി യോഗ്യതയുള്ളവരെ തന്നെ നിയമിക്കേണ്ടതായിട്ടുണ്ടെന്നും, അപേക്ഷകന് പ്രസ്തുത യോഗ്യത ഇല്ലാത്തതിനാൽ ടിയാനെ ഒന്നാം ഓപ്ഷൻ ആയ തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കാതിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. രണ്ടും മൂന്നും ഓപ്ഷനുകളിലേക്ക് ടിയാനെക്കാൾ യോഗ്യരായ മെഡിക്കൽ ഓഫീസർമാരെ സ്ഥലം മാറ്റത്തിനായി പരിഗണിക്കുകയും, നാലാം ഓപ്ഷനിൽ സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ യോഗ്യരായ ആരും തന്നെ ഇല്ലായിരുന്നതിനാലാണ് അപേക്ഷകന് സ്ഥലം മാറ്റം നൽകിയിരുന്നതെന്നും, ആയതിനെതിരെ അപേക്ഷകൻ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം) 938/2023 ലെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ദീർഘ കാലമായി ജോലി ചെയ്ത് വന്ന ഡോ. ഷാഗിന കെ എസ് -നെ സ്ഥലം മാറ്റി അപേക്ഷകന്റെ രണ്ടാം ഓപ്ഷനിൽ നിയമിക്കുകയാണ് ഉണ്ടായത്. NBEMS guidelines ചുവടെ ചേർക്കുന്നു:

"Changes in Faculty Status: The applicant department once accredited with NBEMS is required to maintain the minimum required staff position at all times. No changes in the faculty shall be made within the period of accreditation. However, under extreme circumstances if the Faculty / Guide present at the time of accreditation is to be replaced, the same has to be carried out within 3 months under intimation to the NBEMS.

In case of any change in faculty during the accredited period, it shall be required to induct only eligible faculty as a replacement of faculty who has left. Lack of faculty due to any reason would be communicated to NBEMS within 15 days. Failure to appoint alternative faculty shall lead to withdrawal of accreditation and / or relocation of the ongoing trainees. This situation would also 'red flag' the hospital / institute for further accreditation."

ഫാക്കൽറ്റി സ്റ്റാറ്റസ് നിലനിർത്തുന്നതിനായി നിലവിലുള്ള അക്കാഡമിക് ഫാക്കൽറ്റിമാരെ സ്ഥലം മാറ്റരുതെന്ന് ആവശ്യപ്പെട്ട് പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരുന്നതായും, പ്രസ്തുത സാഹചര്യത്തിലാണ് അപേക്ഷകന് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകാൻ കഴിയാതെ വന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. . 2023 സ്ഥലം മാറ്റ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. 2024 സ്ഥലം മാറ്റത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകന് ടിയാൻ ഫയൽ ചെയ്ത OA 938/2023 ന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പൊതു സ്ഥലം മാറ്റം രണ്ടാം ഓപ്ഷനായ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഡോ.ഷാഗിന കെ.എസ്. -നെ സ്ഥലം മാറ്റി ടി സ്ഥാപനത്തിൽ നിയമനം നൽകിയിട്ടുണ്ട്. അപേക്ഷകൻ 2023 നവംബർ 6 മുതൽ അവിടെ തുടർന്ന് വരികയുമാണ്. DNB ഗൈഡ്ലൈൻ പ്രകാരം തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഫാക്കൽറ്റി ആയി പ്രവർത്തിക്കുന്ന സൈക്കാട്രി കൺസൾട്ടന്റുമാരെ സ്ഥലം മാറ്റാൻ കഴിയാത്തതിനാലാണ് ഡോ.രമേഷ് ചന്ദ്രന് ടിയാന്റെ ഒന്നാം ഓപ്ഷനായ തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകാൻ കഴിയാത്തത്. അത് ഒരു പൊതു താല്പര്യ

പ്രകാരമുള്ള തീരുമാനമാണ്. എന്നാൽ ഫാക്കൽറ്റി ആയി വേണ്ടതിൽ അധികം മെഡിക്കൽ ഓഫീസർമാർ DNB ഗൈഡ്‌ലൈൻ ന്റെ ആനുകൂല്യം ചൂണ്ടിക്കാട്ടി പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ തുടരുന്നു എന്ന അപേക്ഷകന്റെ ആരോപണം പരിഗണിച്ച് 2024 ലെ പൊതു സ്ഥലം മാറ്റത്തിൽ ഡോ.രമേഷ് ചന്ദ്രൻ നിയമാനുസരണം അപേക്ഷ സമർപ്പിക്കുന്നു എങ്കിൽ അത് അർഹതയ്ക്ക് അനുസരിച്ച് പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5) ഡോ.രമേശ് ചന്ദ്രൻ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM]-2013/2023-ന്മേലുള്ള 07.12.2023-ലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
Dr.Ramesh Chandran, Consultant (Psychiatry), Chandragiri, SMRA - 304, Punnathala, Thirumullavaram.P.O., Kollam - 691 012.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
ANUPAMA G NAIR
Date: 01-04-2024 09:32:44

മേലെഴുത്ത് നം. ഇ.ബി1 - 3413/2024/ആ.വ.ഡ, തീയതി 01.04.2024
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനട പടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

1/4/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി